**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1989** **03-03-2025 - ൽ മറുപടിയ്ക്ക്**

**ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വി.എച്ച്.എസ്.ഇ.യിൽ നിലവിലുണ്ടായിരുന്ന ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് എന്ന കോഴ്സ് 2019-ൽ നിർത്തലാക്കി, പകരമായി ഡയറി ഫാമിംഗ് എന്റർപ്രണർ കോഴ്സ് ആരംഭിച്ചെങ്കിലും മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഡയറി ഫാമിംഗ് പഠിച്ചവരെ പി.എസ്.സി. പരിഗണിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഡയറി ഫാമിംഗ് പഠിച്ചവരെ പ്രസ്തുത നിയമനങ്ങളിൽ പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഉണ്ട്.<br><br>കേന്ദ്ര വിദ്യാഭ്യാസ നയത്തിന് അനുസൃതമായി VHSE-യിലെ തൊഴിലധിഷ്ഠിത കോഴ്സുകൾ 2018-19 അധ്യയന വർഷം മുതൽ NSQF(നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം) അടിസ്ഥാനമാക്കിയുള്ള നൈപുണ്യ കോഴ്സുകളാക്കി മാറ്റുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പിന്റെ Special Rules പ്രകാരം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. II/ പൗൾട്രി അസിസ്റ്റന്റ് / മിൽക്ക് റെക്കോർഡർ / സ്റ്റോർ കീപ്പർ / എന്യൂമറേറ്റർ എന്നീ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത VHSE-യിലെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് വിജയമാണ്. Livestock Management Course പൂർണ്ണമായും നിർത്തലാക്കുകയും ആയത് NSQF അടിസ്ഥാനമാക്കിയുള്ള ഡയറി ഫാർമർ എന്റർപ്രണർ (DFE)/ ചെറുകിട പൗൾട്രി (SPF) കോഴ്സ് എന്നാക്കി മാറ്റുകയുമുണ്ടായി. ഇതനുസരിച്ച് വകുപ്പിലെ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>സ്പെഷ്യൽ റൂൾ ഭേദഗതിയ്ക്ക് സ്വാഭാവികമായ കാലതാമസമുണ്ടാകുമെന്നതിനാൽ VHSE in Livestock Management യോഗ്യതയ്ക്ക് തുല്യമാണ് ഡയറി ഫാർമർ എന്റർപ്രണർ (DFE)/ ചെറുകിട പൗൾട്രി (SPF) എന്നീ കോഴ്സുകൾ എന്ന് തെളിയിക്കുന്ന Equivalency Certificate അനുവദിക്കുന്ന കാര്യം പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ